# പരിസരപഠനം

**ആമുഖം** :- മനുഷ്യൻ ഇന്നേവരെ നേടിയ അനുഭവങ്ങളുടെ ആകെത്തുകയാണ് ശാസ്ത്രം. കാഴ്ച, കേൾവി, രുചി, സ്പർശം, ഗന്ധം എന്നിവയിലൂടെയാണ് ചുറ്റുപാടുകൾ നമുക്ക് അനുഭവവേദ്യമാകുന്നത്. യുക്തമായ ചോദ്യങ്ങൾ ചോദിക്കുകയും പ്രസക്തമായ വിവരങ്ങൾ ശേഖരിക്കുകയും സമഗ്രമായ വിശകലനം നടത്തുകയും ചെയ്യുന്നതിലൂടെ കാര്യകാരണ വിചാര ഫലപ്രാപ്തിയിലെത്തുന്നു. ഇതാണ് ശാസ്ത്രപഠനരീതി. മനുഷ്യനും മനുഷ്യനും തമ്മിലും ഉള്ള ബന്ധവും കണ്ടെത്തുന്നതിനുള്ള അവസരം പരിസരപഠനത്തിലൂടെ ലഭ്യമാകണം.

**ലക്ഷ്യങ്ങൾ** :- കൗതുകം, ജിജ്ഞാസ, നിരീക്ഷണപാടവം എന്നിവ പ്രോത്സാഹിപ്പിക്കുക.

- ചുറ്റുപാടുകളെ ശാസ്ത്രീയമായി വ്യാഖ്യാനിക്കാൻ കഴിയുക.
- ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കുകയും പ്രയോഗിക്കുകയും ചെയ്യുക.
- വിശകലനം ചെയ്ത് നിഗമനത്തിൽ എത്തിച്ചേരുക.
- പ്രകൃതി പ്രതിഭാസങ്ങളെ വിശകലനം ചെയ്യുന്നു.
- അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും ഇല്ലാതാക്കുന്നു.

Scanned with OKEN Scanner

- ശാസ്ത്രത്തിന്റെ ദുരുപയോഗം തടയുക.
- പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക.
- പ്രകൃതിയിലുള്ള മനുഷ്യന്റെ ഇടപെടലുകൾ വേവേക പൂർവ്വമാക്കുക.
- സുസ്ഥിര വികസനം എന്ന ആശയം വ്യാപിപ്പിക്കുക
- വ്യക്തിശുചിത്വവും സാമൂഹിക ശുചിത്വവും പാലിക്കുക.
- ശാസ്ത്രത്തിന്റെ നേട്ടങ്ങളിൽ അഭിമാനിക്കുക.
- നാടിന്റെ നേട്ടങ്ങളിൽ അഭിമാനിക്കുക.
- ശാസ്ത്രത്തിനും സാമൂഹിക നന്മയ്ക്കും വേണ്ടി ജീവിതം സമർപ്പിച്ചവരോട് ആദരവ് പുലർത്തുക.

## പ്രവർത്തനങ്ങൾ

- ഫീൽഡ് ട്രിപ്പ്
- പഠനയാത്ര.
- നിരീക്ഷണം (കൺതുറന്ന് കാണാം)
- പോസ്റ്റർ രചന
- ജൈവ കൃഷി
- ലഘുപരീക്ഷണങ്ങൾ
- ശേഖരണം
- ലഘു പ്രോജക്ട്
- വിവരശേഖരണം
- നിർമ്മാണ പ്രവർത്തനങ്ങൾ
- അഭിമുഖം, ശാസ്ത്രജ്ഞന്മാരുകൾ
- വൃക്ഷ സംരക്ഷണം

ഔഷധ ലോകം
ശാസ്ത്രമേള.

## ഫീൽഡ് ട്രിപ്പ്

ആമുഖം :- പഠനം അനുഭവമാക്കാനുള്ളതാണ് ഓരോ ഫീൽഡ് ട്രിപ്പിലും കൃത്യമായ ആസൂത്രണത്തിലൂടെ നടപ്പിലാക്കിയാൽ പഠനപ്രക്രിയയിലെ ഓരോഘട്ടങ്ങളും കുട്ടികൾക്ക് അനുഭവമായിരിക്കും

പ്രവർത്തനരീതി

ഓരോ ടേമിലേക്കുള്ള ഫീൽഡ് ട്രിപ്പുകൾ എവിടെയൊക്കെ എന്ന് SRG ചേർന്ന് ഓരോ ടീച്ചേഴ്സും കണ്ടെത്തി പറയുന്നു. തുടർന്ന് ഓരോ പ്രവർത്തനത്തിലും ഫീൽഡ് ടാക്ക് അനുയോജ്യമായ ഭാഗത്ത് വേണ്ട നിർദ്ദേശങ്ങളോടുകൂടി കുട്ടികൾക്ക് മൂർത്താനുഭവങ്ങൾ നൽകാൻ ഇത് സഹായിക്കും.

ചുമതല/ ധനകാര്യം :- ടീച്ചർ, PTA.

## നിരീക്ഷണം

ആമുഖം :- ശാസ്ത്ര പഠനത്തിന് ഒഴിച്ചുകൂടാനാവാത്ത ഒന്നാണ് നിരീക്ഷണം. തന്റെ പ്രദേശത്തെ വൈവിധ്യമാർന്ന എന്തിനെയും നിരീക്ഷിക്കാനുള്ള കഴിവിനെ വളർത്തിയെടുക്കേണ്ടതുണ്ട്

അതിനായി വ്യത്യസ്ത അനുഭവങ്ങൾ കുട്ടി-
യിലെത്തിക്കാൻ കഴിയണം.

പ്രവർത്തനരീതി :- (കൺതുറന്ന് കാണാം)

പരിസ്ഥിതി ക്ലബ്ബിന്റെ ഭാഗമായി കൺതുറന്ന് കാണാം എന്ന പ്രവർത്തനം നടത്തും. മാസത്തിൽ 2 തവണ കുട്ടികൾക്ക് നിരീക്ഷിക്കാൻ ഒരു വിഷയം നൽകുന്നു (മൃഗങ്ങൾ, പക്ഷികൾ, സസ്യം) നിരീക്ഷിച്ച് അവയെ കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കി അവതരണം. കൂടുതൽ പ്രത്യേകതകൾ കണ്ടെത്തിയ കുട്ടിക്ക് സമ്മാനം നൽകുന്നു.

കാലയളവ് — വർഷം മുഴുവൻ.

ചുമതല - ക്ലാസ് പരിസ്ഥിതി ക്ലബ്ബ്, ചാർജ്ജ് ടീച്ചർ

## പോസ്റ്റർ രചന

ആനുകാലിക പ്രസക്തിയുടെ കാര്യങ്ങൾ മറ്റുള്ളവരിലേക്ക് എത്തിക്കാൻ വരകളിലൂടെയും വർണ്ണങ്ങളിലൂടെയും സാധിക്കും.

പ്രവർത്തനരീതി

ഓരോ പാഠഭാഗങ്ങളുമായി ബന്ധപ്പെട്ടും ദിനാചരണങ്ങളുമായി ബന്ധപ്പെട്ടും SRG യിൽ ചർച്ച ചെയ്ത് പോസ്റ്റർ നിർമ്മാണ പ്രവർത്തനങ്ങൾ ക്ലാസിൽ ചെയ്യുന്നു.

കാലയളവ് – വർഷം മുഴുവൻ
ചുമതല – SRG , മങ്കൊക്കുണ്

## ലഘുപ്രോജക്ട്

ആമുഖം :- കുട്ടികളുടെ അറിവ് നിർമ്മാണ പ്രക്രിയ നടക്കുന്നത് ക്ലാസ് മുറികളിൽ മാത്രമല്ല. പഠന നേട്ടങ്ങളിലെത്തിക്കുന്നതിനും ധാരണകൾ ഉറപ്പിക്കുന്നതിനും ക്ലാസ് മുറികളിലെ അറിവിനൊപ്പം തന്റെ ചുറ്റുപാടുകളിൽ നിന്നും അന്വേഷണാത്മക അറിവുകൾ നേടേണ്ടതാണ്. ഇത്തരത്തിൽ കുട്ടികളെ നയിക്കുന്നതിനാവശ്യമായ പഠന പ്രവർത്തനങ്ങൾ വിദ്യാലയങ്ങളിൽ ഉണ്ടാവേണ്ടതാണ്.

ലക്ഷ്യം :- കൃത്യമായ പ്രോസസിലൂടെ പഠനം.
- നിരീക്ഷണം താരതമ്യം തുടങ്ങിയ മേഖലകളിൽ ഊന്നുന്നവയാകുന്നു.
- താത്പര്യം ഉണർത്തുന്നു.
- സ്വയം പഠന സാധ്യത.
- റിസോഴ്സുകൾ പ്രാദേശിക സാധ്യതകൾ ഉപയോഗപ്പെടുത്തൽ.
- പഠന നേട്ടത്തിലൂടെ നേടേണ്ട ധാരണ ഉറപ്പിക്കൽ
- പരസ്പര വിലയിരുത്തലിനുള്ള സാധ്യത.

പ്രവർത്തനരീതി (പേരുകൾ തേടി)

SRG യോഗത്തിൽ പേരുകളുമായി ബന്ധപ്പെട്ട പാഠഭാഗത്ത് നൽകാവുന്ന ഒരു പ്രവർത്തനമായി പേരുകൾ തേടി എന്ന പ്രവർത്തനം എല്ലാ ക്ലാസിലും ഏറ്റെടുക്കുന്നു. സ്കൂളിന്റെ പരിസരത്ത് കാണുന്ന പേരുകൾ ലിസ്റ്റ് ചെയ്യൽ. മുൻപ് ഉണ്ടായിരുന്നവ, ഇന്ന് ഇല്ലാത്തവ, പുതുതായി കാണുന്നവ തുടങ്ങിയ

വിവരങ്ങൾ ശേഖരിക്കൽ. അതിനായി വിദ്യാലയം സമൂഹത്തിലേക്ക് ഇറങ്ങി ചെല്ലുന്നു. ഇതിന്റെ ഭാഗമായി സ്കൂൾ പൂന്തോട്ട രൂപീകരണം ഇതരത്തിലുള്ള ചെടികൾ ഉൾപ്പെടുത്തിക്കൊണ്ട് നടത്തുന്നു.

കാലയളവ് – ആഗസ്റ്റ് മുതൽ മാർച്ച് വരെ.

ചുമതല – PTA, പരിസ്ഥിതിക്ലബ്.

## ശാസ്ത്രമേള

ആമുഖം :- ജീവിതത്തിന്റെ സമസ്ത മേഖലകളും അനുനിമിഷം മാറിക്കൊണ്ടിരിക്കുന്നു. ബോധനശാസ്ത്രം, പഠന മനശാസ്ത്രം മനോവിദ്യയിലെ പുതിയ കണ്ടെത്തലുകളും പ്രയോഗിക്കാനും അനുഭവിക്കാനും കുറെക്കൂടി മെച്ചപ്പെട്ട രീതിയിൽ പഠന സാമഗ്രികളിലൂടെ നിർമ്മാണവും പഠനാനുഭവങ്ങളുടെ വിനിമയവും വിലയിരുത്തലും നടത്തുന്നതിന് നമ്മെ പ്രാപ്തരാക്കുന്നു.

ലക്ഷ്യം :- ശാസ്ത്രത്തോടുള്ള താത്പര്യം വർദ്ധിപ്പിക്കുന്നു.

അന്വേഷണ ത്വര വളർത്താൻ തയ്യാറാക്കുന്നു.

- കുട്ടി ശാസ്ത്രജ്ഞൻമാരെ സൃഷ്ടിക്കുന്നു.
- വിവിധ മേഖലയിലെ കഴിവുകൾ പ്രദർശിപ്പിക്കാൻ അവസരം
- ചെറിയ അറിവുകളിൽ ഉണർത്തപ്പെടുന്നു.

## ലിറ്റിൽ സൈന്റിസ്റ്റ്

ദൈനംദിന ജീവിതത്തിൽ നേരിടേണ്ടിവരുന്ന പ്രതിസന്ധികളെ ലഘു പരീക്ഷണങ്ങളിലൂടെ

Scanned with OKEN Scanner

നേരിട്ടറിയുന്നു. ശാസ്ത്ര നേട്ടങ്ങൾ സമൂഹനൻമയ്ക്ക് പ്രയോജനപ്പെടുത്താൻ കഴിയുന്നു.

<u>പ്രവർത്തനരീതി</u> :- ലഘുപരീക്ഷണങ്ങൾ

എല്ലാ മാസത്തിലും ഒരു ദിവസം ലിറ്റിൽ സൈന്റിസ്റ്റ് സ്കൂൾ തലത്തിൽ നടത്തുന്നു. എല്ലാ കുട്ടികളെയും ഒരുമിച്ചിരുത്തി ടീച്ചർ ഒരു പരീക്ഷണം അവതരിപ്പിക്കുന്നു. കുട്ടികൾക്കും വ്യക്തിഗതമായി അവതരിപ്പിക്കാൻ അവസരം ഓരോ ക്ലാസ്സിലും കുട്ടികൾ പഠിച്ചവയോ അവയുമായി ബന്ധപ്പെട്ടവയോ ആവാം. ക്ലാസിൽ കുട്ടികൾക്ക് അവതരിപ്പിക്കാൻ അവസരം മികച്ചവ ശാസ്ത്രമേളയിലേക്ക്.

കാലയളവ് - വർഷം തോറും

ചുമതല/ധനകാര്യം - അധ്യാപകർ, രക്ഷിതാക്കൾ

## <u>നിർമ്മാണ പ്രവർത്തനങ്ങൾ</u>

ആമുഖം :- കുട്ടികളിലെ മേധാവികാസത്തിന് സഹായിക്കാൻ നിർമ്മാണ പ്രവർത്തനത്തിലൂടെ കഴിയും. എല്ലാവരുടെയും പങ്കാളിത്തത്തോടെ പഠനം രസകരമാക്കാനും ഇതിലൂടെ സാധിക്കും. ഓരോ പഠിതാവും അവരുടെ മുൻ അനുഭവങ്ങളുമായി ബന്ധപ്പെടുത്തി നിർമ്മാണ പ്രവർത്തനത്തിൽ ഏർപ്പെടുന്നു. പാഠ്യവസ്തുതാൽപര്യജ്ഞാനങ്ങളും അർഥപൂർണമാകുന്നതുവഴി പഠനം കൂടുതൽ ഫലപ്രദമാകുന്നു.